## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2072** 04.11.2019-ൽ മറുപടിയ്ക്ക്

### <u>മണ്ണന്തല പ്രസ്സിൽ ഇലക്ട്രിക്കൽ ജീവനക്കാരുടെ നിയമനം</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. അൻവർ സാദത്ത്** | | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) | അച്ചടി വകുപ്പിന് കിഴിൽ രണ്ട് ഷിഫ്റ്റുകളായി പ്രവർത്തിച്ചുവരുന്ന ഹൈടെൻഷൻ വൈദ്യുതി സംവിധാനമുള്ള മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ വൈദ്യുതി സംബന്ധമായ നിയമാനുസൃത സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി ആവശ്യമായ എണ്ണത്തിലും യോഗ്യതയിലും ഉള്ള ഇലക്ട്രിക്കൽ വിഭാഗം ജീവനക്കാരെ ജോലിക്ക് നിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രസ്സിലെ ഇലക്ട്രിക്കൽ വിഭാഗം ജീവനക്കാർക്ക് സുരക്ഷിതമായി ജോലി ചെയ്യാനുള്ള സാഹചര്യം ഒരുക്കണമെന്നാവശ്യപ്പെട്ടുള്ള എന്തെങ്കിലും പരാതി നിലവിൽ വകുപ്പിന്റെ പരിഗണനയിലുണ്ടോ; | (ബി) ഉം (സി) ഉം | ഉണ്ട്. പരാതി ലഭിച്ചതിനെതുടർന്ന് പി.ഡബ്ല്യു.ഡി (ഇലക്ട്രിക്കൽ), ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നീ ഓഫീസുകളുടെ ഉപദേശം ആരായുകയും വകുപ്പിൽ തന്നെ കേരള ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നല്കുന്ന കോമ്പിറ്റൻസി സർട്ടിഫിക്കറ്റോ, ഇലക്ട്രിക്കൽ വർക്ക് പെർമിറ്റോ ഉള്ള വകുപ്പിലെ ജീവനക്കാർക്ക് ചുമതല നല്കാമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. നിലവിൽ മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ ഇലക്ട്രിക്കൽ വിഭാഗം ജീവനക്കാർ ഇലക്ട്രിസിറ്റി കോമ്പിറ്റൻസി ലൈസൻസ് ഉള്ളവരാണ്. |
| (സി) | എങ്കിൽ പരാതിയിൻമേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ